പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 296 — 09.06.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) | വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്. മൾട്ടി ആക്സിൽ വോൾവോ പോലുള്ള മുന്തിയ തരം ബസ്സുകൾ അന്തർ സംസ്ഥാന സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പുഷ്ബാക്ക് സീറ്റ് സംവിധാനമുള്ള പുതിയ സൂപ്പർ ഡീലക്സ് ബസുകൾ നിരത്തിലിറക്കി കഴിഞ്ഞു. ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സിക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സിയ്ക്ക് എത്ര രൂപ ധനസഹായം അനുവദിച്ചുവെന്ന് അറിയിക്കുമോ? | (ബി) | തുക കോടിയിൽ (പട്ടിക താഴെ) |

തുക കോടിയിൽ

| വർഷം | വായ്പ | പദ്ധതി വിഹിതം | ഗ്രാന്റ് |
|---|---|---|---|
| 2011-12 | 140 | 42 | 32 |
| 2012-13 | 175 | 57.07 | 28 (ഡീസൽ സബ്സിഡി) |
| 2013-14 | 425 | 59.00 | - |
| ആകെ | 740 | 158.07 | 60 |

കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 150 കോടി രൂപ വായ്പയിനത്തിലും 65.42 കോടി രൂപ പദ്ധതിയിനത്തിലും കെ.എസ്.ആർ.ടി.സിക്കായി വകയിരുത്തിയിട്ടുണ്ട്. വായ്പാ ശീർഷകത്തി ലുള്ള തുകയിൽ നിന്നും 55 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ